(ബി) ഉണ്ടെങ്കിൽ ഇടിഞ്ഞു പൊളിഞ്ഞു വീഴാവുന്ന സ്ഥിതിയിലുള്ള കുന്തിപ്പുഴ പാലത്തിന്റെ അറ്റകുറ്റപ്പണികൾ യുദ്ധകാലാടിസ്ഥാനത്തിൽ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അറ്റകുറ്റപ്പണികൾ നടത്തുന്ന കാര്യം പരിശോധിച്ചു വരുന്നു.

മുട്ടന്നൂർ-എടയന്നൂർ റോഡ്

130 (2111) ശ്രീ. കെ. ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ജില്ലയിലെ മുട്ടന്നൂർ-എടയന്നൂർ റോഡ് അഭിവൃദ്ധിപ്പെടുത്തി ഗതാഗതയോഗ്യമാക്കുന്നതിന് കരാർ നൽകിയിട്ടുണ്ടോ ; എങ്കിൽ എന്ന് എത്ര രൂപയ്ക്കാണ് കരാർ നൽകിയതെന്ന് വ്യക്തമാക്കുമോ ;

(ബി) കരാർ പ്രകാരം പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി എന്നെന്നറിയിക്കുമോ ;

(സി) ഈ പ്രവൃത്തി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇതിനോടകം എത്ര രൂപ കരാറുകാരന് നൽകിയിട്ടുണ്ടെന്നും വെളിപ്പെടുത്തുമോ ;

(ഡി) അടിയന്തിരമായി ഈ പ്രവൃത്തി പൂർത്തീകരിച്ച് റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ) ഈ റോഡ് ഗതാഗതയോഗ്യമാക്കുന്നതിനുള്ള കരാർ 28-9-1996-ൽ 32,59,852 രൂപയ്ക്ക് നൽകിയിട്ടുണ്ട്.

(ബി) 27-3-1998-ൽ

(സി) മെറ്റലിംഗും അനുബന്ധപ്രവൃത്തികളും പൂർത്തിയായി. ഇതിനോടകം കരാറുകാരന് 28,88,446 രൂപ നൽകി.

(ഡി) പണി പൂർത്തിയാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു.

കക്കാട് കനാൽ റോഡ് ബൈപ്പാസാക്കാൻ നടപടി

131 (2112) ശ്രീ. സി. മൊയിൻ കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുവള്ളി നിയോജക മണ്ഡലത്തിലെ വാഹനഗതാഗതത്തിരക്ക് അനുഭവപ്പെടുന്ന കക്കോടി ടൗണിൽ യാത്രക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ നിലവിലുള്ള കനാൽ റോഡ് ബൈപ്പാസ് റോഡാക്കി ഉയർത്താൻ നടപടി സ്വീകരിക്കുമോ ;

(ബി) ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കക്കോടി ടൗണിൽ വെള്ളപ്പൊക്ക നിയന്ത്രണത്തിനുള്ള ഒരു ബണ്ടാണ് ഉള്ളത്. ഇവിടെ ഒരു ബൈപ്പാസ് റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശങ്ങളൊന്നും ഗവൺമെന്റിന്റെ മുന്നിലില്ല എങ്കിലും ഇതേക്കുറിച്ച് പഠിച്ച് റിപ്പോർട്ട് നൽകാൻ ചീഫ് എൻജിനീയറോട് ആവശ്യപ്പെടുന്നതാണ്.

കോഴിക്കോട് പൊതുമരാമത്ത് മേൽപ്പാലങ്ങൾ

132 (2113) ശ്രീ. എം. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് നഗരത്തിൽ പൊതുമരാമത്ത് വകുപ്പ് റോഡിന് കുറുകെ എത്ര മേൽപ്പാലങ്ങൾ നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വിശദമാക്കാമോ ;

(ബി) എവിടെയെല്ലാമാണ് മേൽപ്പാലങ്ങൾ നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) മാനാഞ്ചിറ ഭാഗത്ത് ദേശീയപാതയിൽ ഫുട്ട് ഓവർ ബ്രിഡ്ജും പന്നിയങ്കര, വെസ്റ്റ് ഹിൽ ചുങ്കം, മീൻചന്ത, ഫെറുക്ക് എന്നിവിടങ്ങളിൽ ആർ.ഒ.ബി.യും കൊയിലാണ്ടി-പേരാമ്പ്ര റോഡിൽ ഫ്ളൈ ഓവറും നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ട്.

കോട്ടപ്പുറം പാലം

133 (2114) ശ്രീ. വി. ബാലറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടക്കാഞ്ചേരി നിയോജകമണ്ഡലത്തിലെ മുന്നണിക്കൊട്-എരുമപ്പെട്ടി പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന കോട്ടപ്പുറം പാലം തകർന്നതിനാൽ ബസ് ഗതാഗതം രണ്ട് വർഷമായി നിരോധിച്ചിട്ടുള്ള വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഈ പാലം പുതുക്കിപ്പണിയുന്നതിന് എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ;

(സി) യാത്രാ സൗകര്യമില്ലാതെ ജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് ഈ പാലം അടിയന്തിരമായി പണിയുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) ഭരണാനുമതി നൽകി ബഡ്ജറ്റിൽ ആവശ്യമായ തുക വകയിരുത്തിയശേഷം പാലം പണി ആരംഭിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly